"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം- കണ്ണൂർ പരിയാരം KKNPM ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (സി) വകുപ്പ്**

സ.ഉ.(കൈ) നം.50/2025/GEDN തീയതി,തിരുവനന്തപുരം, 02-04-2025

---

പരാമർശം:-

1. 31.07.2014-ലെ സ.ഉ(കൈ) നം. 143/2014/പൊ.വി.വ ഉത്തരവ്.
2. ബഹു. തളിപ്പറമ്പ് എം.എൽ.എ. ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് 03.07.2024 ൽ നൽകിയ നിവേദനം
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10.12.2024 ലെ എസി.ഡി.സി3/19880/2024/ഡി.ജി.ഇ/എച്ച്.എസ്.ഇ നം കത്ത്

**ഉത്തരവ്**

കണ്ണൂർ പരിയാരം KKNPM ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ ഹയർസെക്കൻഡറി വിഭാഗം ആരംഭിച്ച് അഞ്ചുവർഷം പിന്നിട്ടിട്ടും പ്രിൻസിപ്പൽ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ലെന്നും ഹയർസെക്കൻഡറി വിഭാഗത്തിൽ താൽക്കാലിക അദ്ധ്യാപകർ മാത്രം ക്ലാസുകൾ കൈകാര്യം ചെയ്യുന്നതും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതും അനുചിതമാണെന്നും നിലവിൽ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകരാണ് പ്രിൻസിപ്പലിന്റെ ചുമതല വഹിക്കുന്നതെന്നും ഇത് സ്കൂളിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതിനാൽ ടി സ്കൂളിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ പ്രിൻസിപ്പലിനെ നിയമിക്കണമെന്ന് ബഹു. തളിപ്പറമ്പ് എം.എൽ.എ. ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നൽകിയ പരാമർശം (2) നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു.

2) കണ്ണൂർ KKNPM ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ 2014-15 വർഷത്തിൽ പരാമർശം (1) പ്രകാരം ഹയർ സെക്കന്ററി വിഭാഗത്തിൽ ഒരു സയൻസ് ബാച്ച് (കോഴ്സ് കോഡ് -1) അനുവദിച്ചിരുന്നു. 2022-23 വർഷത്തിൽ താത്കാലികാടിസ്ഥാനത്തിൽ ഒരു ഹ്യൂമാനിറ്റീസ് ബാച്ചും ഒരു കോമേഴ്സ് ബാച്ചും അനുവദിച്ചിരുന്നു. എന്നാൽ ടി വിദ്യാലയത്തിൽ പ്രിൻസിപ്പൽ തസ്തിക ഉൾപ്പെടെയുള്ള ഒരു തസ്തികയും അനുവദിച്ചിട്ടില്ല. വിദ്യാലയത്തിൽ സ്ഥിരം അധ്യാപകർ ഇല്ലാത്തത് അദ്ധ്യയനത്തെയും, പരീക്ഷാ നടത്തിപ്പിനെയും പ്രയാസകരമായി ബാധിക്കുന്നു എന്ന് പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) 2014-15 വർഷത്തിൽ അനുവദിച്ച ബാച്ചുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് തുടർച്ചയായ

മൂന്ന് വർഷങ്ങളിൽ +1, +2-വിലായി 50 വിദ്യാർത്ഥികൾ പഠനം നടത്തണമെന്നുള്ള നിബന്ധന നിലനിൽക്കുന്നുണ്ട്. എന്നാൽ കണ്ണൂർ KKNPM ഗവ. വൊക്കേഷണൽ HSS-ൽ 2014-15 വർഷത്തിൽ അനുവദിച്ച സയൻസ് ബാച്ചിൽ തുടർച്ചയായ വർഷങ്ങളിൽ 50 വിദ്യാർത്ഥികൾ പഠനം നടത്താത്തതിനാൽ തസ്തിക സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്യുവാൻ സാധിക്കുന്നതായി കാണുന്നില്ലെന്നും എന്നിരുന്നാലും വിദ്യാലയത്തിൽ സ്ഥിര അദ്ധ്യാപകരും, പ്രിൻസിപ്പലും ഇല്ലാത്തതിനാൽ വിദ്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനാൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ പരിയാരം KKNPM ഗവ.ഹയർസെക്കന്ററിസ്കൂളിൽ നിലവിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ പ്രിൻസിപ്പലോ സ്ഥിരം അധ്യാപകരോ ഇല്ലാത്തത് സ്കൂളിന്റെ ദൈനംദിന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ സ്ഥാപനമേധാവി എന്ന നിലയ്ക്ക് പ്രിൻസിപ്പൽ തസ്തികയെങ്കിലും അനിവാര്യമായി സൃഷ്ടിക്കപ്പെടേണ്ടതുണ്ടെന്ന് ബോദ്ധ്യപ്പെടുകയുണ്ടായി.

5) കണ്ണൂർ പരിയാരം KKNPM ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ പ്രിൻസിപ്പൽ ഉൾപ്പെടെയുള്ള ഒരു തസ്തികയും അനുവദിച്ചിട്ടില്ലാത്തതിനാലും വിദ്യാലയത്തിൽ സ്ഥിരം അധ്യാപകർ ഇല്ലാത്തതു അധ്യയനത്തെയും, പരീക്ഷാ നടത്തിപ്പിനെയും പ്രയാസകരമായി ബാധിക്കുന്നു എന്ന വസ്തുത പരിഗണിച്ചും കണ്ണൂർ പരിയാരം KKNPM ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലെ ഹയർ സെക്കൻഡറി വിഭാഗത്തിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റാണി ജോർജ്ജ്

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) , ഐ& പി ആർ ഡി,
തിരുവനന്തപുരം(സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.2784 തീയതി 26.03.2025)
ധനകാര്യ വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ (പൊ.വി.വ-സി2/380/2024-പൊ.വി.വ)

ഉത്തരവിൻ പ്രകാരം

Signed by
Sajida S
Date: 03-04-2025 10:45:33
സെക്ഷൻ ഓഫീസർ

*രഹസ്യം*

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-03-2025

ഫയൽ നം. GEDN-C2/380/2024/G.Edn. ഇനം നം: 2784

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - കണ്ണൂർ പരിയാരം KKNPM ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | GEDN-C2/380/2024/G.Edn |
| 2 | വകുപ്പ് | പൊതുവിദ്യാഭ്യാസ (സി) വകുപ്പ് |
| 3 | വിഷയം | കണ്ണൂർ പരിയാരം KKNPM ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 28/02/2025 |
| 5 | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി സിനി ജെ ഷുക്കൂർ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി റാണിജോർജ്ജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 06.03.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 10.03.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. വി. ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കണ്ണൂർ പരിയാരം KKNPM ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) കണ്ണൂർ പരിയാരം KKNPM ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ ഹയർസെക്കൻഡറി വിഭാഗം ആരംഭിച്ച് അഞ്ചുവർഷം പിന്നിട്ടിട്ടും പ്രിൻസിപ്പൽ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ലെന്നും ഹയർസെക്കൻഡറി വിഭാഗത്തിൽ താൽക്കാലിക അദ്ധ്യാപകർ മാത്രം ക്ലാസുകൾ കൈകാര്യം ചെയ്യുന്നതും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതും അനുചിതമാണെന്നും നിലവിൽ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകരാണ് ചുമതല വഹിക്കുന്നതെന്നും ഇത് സ്കൂളിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതിനാൽ ടി സ്കൂളിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ പ്രിൻസിപ്പലിനെ നിയമിക്കണമെന്നും ബഹു. തളിപ്പറമ്പ് എം.എൽ.എ. ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു.

3) കണ്ണൂർ KKNPM ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ 2014-15 വർഷത്തിൽ 31.07.2014-ലെ സ.ഉ(കൈ) നം. 143/2014/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ഒരു സയൻസ് ബാച്ച് (കോഴ്സ് കോഡ് -1) അനുവദിച്ചിരുന്നു. 2022-23 വർഷത്തിൽ താത്കാലികാടിസ്ഥാനത്തിൽ ഒരു ഹ്യൂമാനിറ്റീസ് ബാച്ചും ഒരു കോമേഴ്സ് ബാച്ചും അനുവദിച്ചിരുന്നു. എന്നാൽ ടി വിദ്യാലയത്തിൽ പ്രിൻസിപ്പൽ തസ്തിക ഉൾപ്പെടെയുള്ള ഒരു തസ്തികയും അനുവദിച്ചിട്ടില്ല. വിദ്യാലയത്തിൽ സ്ഥിരം അധ്യാപകർ ഇല്ലാത്തത് അദ്ധ്യയനത്തെയും, പരീക്ഷാ നടത്തിപ്പിനെയും പ്രയാസകരമായി ബാധിക്കുന്നു എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വിദ്യാലയത്തിലെ 2021-22 വർഷം മുതലുള്ള വിദ്യാർത്ഥികളുടെ എണ്ണത്തെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Course Code | Course Name | No of Batches | Year of Sanctioning |
|---|---|---|---|
| 1 | Science (Biology) | 1 | 2014-15 |

## Student Strength

| | 2021-22 | | 2022-23 | | 2023-24 | |
|---|---|---|---|---|---|---|
| Course Code | XI | XII | XI | XII | XI | XII |
| 1 | 61 | 41 | 63 | 61 | 54 | 63 |

4) 2014-15 വർഷത്തിൽ അനുവദിച്ച ബാച്ചുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് തുടർച്ചയായ മൂന്ന് വർഷങ്ങളിൽ +1, +2-വിലായി 50 വിദ്യാർത്ഥികൾ പഠനം നടത്തണമെന്നുള്ള നിബന്ധന നിലനിൽക്കുന്നുണ്ട്. എന്നാൽ കണ്ണൂർ KKNPM ഗവ. വൊക്കേഷണൽ HSS-ൽ 2014-15 വർഷത്തിൽ അനുവദിച്ച സയൻസ് ബാച്ചിൽ തുടർച്ചയായ വർഷങ്ങളിൽ 50 വിദ്യാർത്ഥികൾ പഠനം നടത്താത്തതിനാൽ തസ്തിക സൃഷ്ടിക്കുന്നതിന് ശുപാർശ ചെയ്യുവാൻ സാധിക്കുന്നതായി കാണുന്നില്ലെന്നും എന്നിരുന്നാലും വിദ്യാലയത്തിൽ സ്ഥിര അദ്ധ്യാപകരും, പ്രിൻസിപ്പലും ഇല്ലാത്തതിനാൽ വിദ്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനാൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. പ്രിൻസിപ്പൽ തസ്തിക അനുവദിക്കുമ്പോൾ പ്രതിവർഷം 8,56,128/- രൂപയുടെ സാമ്പത്തിക ബാധ്യതയുണ്ടാകുന്നതാണ്.

5) കണ്ണൂർ പരിയാരം KKNPM ഗവ. വൊക്കേഷണൽ HSS-ൽ പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുമെന്നതിനാൽ ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് നൽകിയിരുന്നു. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ കണ്ണൂർ KKNPM ഗവ.വൊക്കേഷണൽ HSS-ൽ ഹയർ സെക്കന്ററി വിഭാഗത്തിൽ 2014-15 വർഷത്തിൽ ഒരു സയൻസ് ബാച്ചും 2022-23 വർഷത്തിൽ ഒരു ഹ്യൂമാനിറ്റീസ് ബാച്ചും ഒരു കോമേഴ്സ് ബാച്ചും താത്കാലികാടിസ്ഥാനത്തിൽ അനുവദിച്ചിരുന്നു എന്ന് സൂചിപ്പിച്ചിട്ടുണ്ട് എങ്കിലും നിലവിൽ സയൻസ് ബാച്ച് മാത്രമാണ് ടി സ്കൂളിൽ ഉള്ളത്. ആയതിൽ തന്നെ

2023-24 വർഷത്തിൽ 117 വിദ്യാർത്ഥികൾ മാത്രമാണുള്ളത്. കണ്ണൂർ KKNPM ഗവ.വൊക്കേഷണൽ HSS-ൽ പ്രിൻസിപ്പൽ തസ്തിക അനുവദിക്കുമ്പോൾ പ്രതിവർഷം 8,56,128/- രൂപയുടെ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ സ്കൂളിലെ എച്ച്.എം. ആണ് ചാർജ് വഹിക്കുന്നത്. ഈ സാഹചര്യത്തിൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്തു തൽസ്ഥിതി തുടരാൻ ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.

മേൽ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

6) കണ്ണൂർ പരിയാരം KKNPM ഗവ.ഹയർസെക്കന്ററിസ്കൂളിൽ നിലവിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ ഗസ്റ്റ് അധ്യാപകർ മാത്രമാണ് ജോലി ചെയ്തുവരുന്നത്. ടി വിഭാഗത്തിന്റെ ചുമതല കൂടി ഹെഡ്മാസ്റ്ററാണ് വഹിച്ചുവരുന്നത്. ഹയർ സെക്കന്ററി വിഭാഗത്തിൽ പ്രിൻസിപ്പലോ സ്ഥിരം അധ്യാപകരോ ഇല്ലാത്തത് സ്കൂളിന്റെ ദൈനംദിന പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന വിഷയമായതിനാൽ സ്ഥാപനമേധാവി എന്ന നിലയ്ക്ക് പ്രിൻസിപ്പൽ തസ്തികയെങ്കിലും അനിവാര്യമായി സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. ആയതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കണ്ണൂർ പരിയാരം KKNPM ഗവ.ഹയർ സെക്കന്ററിസ്കൂളിൽ പ്രിൻസിപ്പൽ തസ്തിക അനുവദിക്കുന്നതിന് അനുമതിക്കായി മന്ത്രിസഭായോഗത്തിനു മുൻപാകെ സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിനായി സമർപ്പിച്ചിരുന്നു.

7) ബഹു. തളിപ്പറമ്പ നിയോജകമണ്ഡലം എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ വിദ്യാലയത്തിൽ പ്രിൻസിപ്പൽ ഉൾപ്പെടെയുള്ള ഒരു തസ്തികയും അനുവദിച്ചിട്ടില്ലാത്തതിനാലും വിദ്യാലയത്തിൽ സ്ഥിരം അധ്യാപകർ ഇല്ലാത്തതു അധ്യയനത്തെയും, പരീക്ഷാ നടത്തിപ്പിനെയും പ്രയാസകരമായി ബാധിക്കുന്നു എന്ന വസ്തുത പരിഗണിച്ചും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കണ്ണൂർ പരിയാരം KKNPM ഗവ. ഹയർസെക്കന്ററി

സ്കൂളിൽ പ്രിൻസിപ്പൽ തസ്തിക അനുവദിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

കണ്ണൂർ പരിയാരം KKNPM ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലെ ഹയർ സെക്കൻഡറി വിഭാഗത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് പ്രിൻസിപ്പൽ തസ്തിക സൃഷ്ടിക്കാമോ?

## GOVERNMENT OF KERALA

(Sri. Pinarayi Vijayan Ministry)

## NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No | GEDN-C2/380/2024/G.Edn |
| 2 | Department | General Education (C) Department |
| 3 | Subject | Creating of post of Principal in the Higher Secondary Wing of the Kannur Pariyaram KKNPM Govt. Vocational Higher Secondary School by overruling the remarks of Finance Department – Reg. |
| 4 | Date of Chief Minister's Order for placing before the Council | 28/02/2025 |
| 5 | (i) Does the case involve financial commitments/implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | Yes.<br>Yes. |
| 6 | Are any other Departments concerned with the case if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7 | Name of Additional Secretary who submitted the Draft Note | Smt. Sini J Shukkoor |
| 8 | Name of Principal Secretary who approved the Draft Note | Smt. Rani George |
| 9 | Date of approval of the Draft Note for the Council by the Principal Secretary | 06.03.2025 |
| 10 | Name of Chief Secretary who approved the Draft Note. | Smt. Sarada Muraleedharan |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 10.03.2025 |
| 12 | Name of Minister who approved the Draft Note | Sri. V. Sivankutty |
| 13 | Date of approval of the Draft Note for the Council by the Minister | |
| 14 | Date of Submission of fair copies | |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the GO/letter communicating the decision | |

## Note for Council of Ministers

This note deals with the creation of the post of Principal in the Higher Secondary wing of KKNPM Government Vocational Higher Secondary School, Pariyaram.

2) In the memorandum submitted before the Minister of General Education, the Hon'ble MLA Thaliparamba requested to create the post of Principal in KKNPM Government Vocational Higher Secondary School, Pariyaram, stating that even after five years of the commencement of the Higher Secondary Section in the Vocational Higher Secondary School, the post of Principal has not been created and it is inappropriate that managing classes and other responsibilities in the Higher Secondary section are being performed by temporary teachers. This is seriously affecting the functioning of the school. The High School Headmaster is currently holding the charge of the Higher Secondary wing.

3) On the basis of G. O (Ms) No. 143/2014/GEDN dated 31.07.2014, one science batch (Course Code -1) was sanctioned during the academic year 2014-15 in the Higher Secondary section of KKNPM Vocational Higher Secondary School. One Humanities batch and one Commerce batch were sanctioned on a temporary basis in the year 2022-23. However, no posts including that of Principal has been sanctioned in the school. The absence of

permanent teachers in the school is badly affecting the teaching and the conduct of examinations. The details regarding the number of students in the school since the year 2021-22 are given below.

| Course Code | Course Name | No of Batches | Year of Sanctioning |
|---|---|---|---|
| 1 | Science (Biology) | 1 | 2014-15 |

**Student Strength**

| | 2021-22 | | 2022-23 | | 2023-24 | |
|---|---|---|---|---|---|---|
| Course Code | XI | XII | XI | XII | XI | XII |
| 1 | 61 | 41 | 63 | 61 | 54 | 63 |

4) The condition for creating posts in the batches sanctioned in the year 2014-15 that 50 students should study in +1 and +2 in three consecutive years, is existing. But in Kannur KKNPM Govt. Vocational HSS, since students strength is below 50 in the science batch in three consecutive years, post creation could not be recommended. However, since there are no regular teachers and principal in the school, which is adversely affecting the daily activities of the school, the Director of General Education recommended the creation of the post of Principal. The financial commitment for the creation of the post of Principal is Rs. 8,56,128/- per annum.

5) Since the creation of the post of Principal in Kannur Pariyaram KKNPM Govt. Vocational HSS will lead to a financial commitment for the

Government, the file was forwarded to the Finance Department for remarks. The remarks of the Finance Department is as follows:-

"പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ കണ്ണൂർ KKNPM ഗവ.വൊക്കേഷണൽ HSS-ൽ ഹയർ സെക്കന്ററി വിഭാഗത്തിൽ 2014-15 വർഷത്തിൽ ഒരു സയൻസ് ബാച്ചും 2022-23 വർഷത്തിൽ ഒരു ഹ്യൂമാനിറ്റീസ് ബാച്ചും ഒരു കോമേഴ്സ് ബാച്ചും താത്കാലികാടിസ്ഥാനത്തിൽ അനുവദിച്ചിരുന്നു എന്ന് സൂചിപ്പിച്ചിട്ടുണ്ട് എങ്കിലും നിലവിൽ സയൻസ് ബാച്ച് മാത്രമാണ് ടി സ്കൂളിൽ ഉള്ളത്. ആയതിൽ തന്നെ 2023-24 വർഷത്തിൽ 117 വിദ്യാർത്ഥികൾ മാത്രമാണുള്ളത്. കണ്ണൂർ KKNPM ഗവ.വൊക്കേഷണൽ HSS-ൽ പ്രിൻസിപ്പൽ തസ്തിക അനുവദിക്കുമ്പോൾ പ്രതിവർഷം 8,56,128/- രൂപയുടെ സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ സ്കൂളിലെ എച്ച്.എം. ആണ് ചാർജ് വഹിക്കുന്നത്. ഈ സാഹചര്യത്തിൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്തു തൽസ്ഥിതി തുടരാൻ ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.

മേൽ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

6) Only guest teachers are working in the higher secondary section of the Kannur Pariyaram KKNPM Government Higher Secondary School, at present. The Headmaster is holding the charge of the higher secondary section. Since the non availability of a principal or permanent teachers in the higher secondary section is adversely affecting the daily functioning of the school, the post of principal, who is the head of the institution needs to be created inevitably.

7) Taking into consideration of the facts pointed out by the Hon. MLA, Taliparamba Constituency, that the absence of permanent teachers in the school is adversely affecting the teaching and conducting of examinations and considering the recommendation of the Director of General Education the file was circulated to Hon. Chief Minister for orders on placing the matter of creating the post of Principal in the Kannur Pariyaram KKNPM Govt. Higher Secondary School before the Council of Ministers, by overruling the remarks of the Finance Department. The Hon. Chief Minister has ordered to place the matter before the Council of Ministers.

**Point for decision**

Whether post of Principal may be created in the Higher Secondary Wing of the Kannur Pariyaram KKNPM Govt. Vocational Higher Secondary School by overruling the remarks of Finance Department.